# ബൈബിളും മലയാളഭാവനയും സി.വി. ബാലകൃഷ്ണന്റെ 'ആയുസ്സിന്റെ പുസ്തകത്തിൽ'

**ടെജി കെ. തോമസ്**
അസി. പ്രൊഫസർ
മലയാളവിഭാഗം
ക്രൈസ്റ്റ് കോളേജ്
ഇരിങ്ങാലക്കുട
Email: tejikt@christcollegeijk.edu.in

**സംഗ്രഹം**

ഇതിഹാസ പുരാണങ്ങളും തുടർന്ന് രൂപംകൊണ്ട ചിന്താധാരകളും മലയാള സാഹിത്യത്തിൽ ഒട്ടും ചെറുതല്ലാത്ത സ്വാധീനം ചെലുത്തിയിട്ടുണ്ട്. കഥകളും ഉപകഥകളും കവിതകളും നോവലും നാടകവും മറ്റ് സാഹിത്യരൂപങ്ങളുമായി പലമട്ടിൽ ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. അത്രമേൽ തന്നെ ലോകത്ത് പഠിക്കപ്പെടുകയും വിവർത്തനം ചെയ്യപ്പെടുകയും സ്വാധീനിക്കപ്പെടുകയും ചെയ്തിട്ടുള്ള മതഗ്രന്ഥമാണ് ബൈബിൾ. മതാത്മകമായ നിരവധി സാഹിത്യരൂപങ്ങളായിരുന്നു ആദ്യകാലത്ത് ബൈബിളിനെ പിൻപറ്റി രൂപംകൊണ്ടത്. ഭക്തിയും ആത്മീയതയും വളർത്തുക എന്നതായിരുന്നു അതിന്റെ ലക്ഷ്യം. പിൽക്കാലത്ത് മതേതരമായ സാഹിത്യ രൂപനിർമ്മിതിയിലും ബൈബിളിനെ ഉപജീവിക്കാൻ തുടങ്ങി. നോവലും കഥയും കവിതകളുമായി സർഗാത്മക സാഹിത്യത്തിൽ ബൈബിൾ കടന്നുവന്നു. ബൈബിൾ ഇതിവൃത്തങ്ങളും ദർശനങ്ങളും സാഹിത്യം വിഷയവൽക്കരിച്ചു. ലോകസാഹിത്യത്തിലാണെങ്കിൽ ടോൾസ്റ്റോയ്, ദസ്തയോവിസ്കി വിക്ടർഹ്യൂഗോ തുടങ്ങിയവരുടെ കൃതികളിൽ ബൈബിൾ സ്വാധീനം കണ്ടെത്താൻ കഴിയും. മലയാളസാഹിത്യകൃതികളിലും ബൈബിൾപ്രമേയം സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഇത്തരത്തിൽ മലയാളസാഹിത്യത്തിൽ സി.വി. ബാലകൃഷ്ണന്റെ 'ആയുസ്സിന്റെ പുസ്തകം' എന്ന കൃതിയെ മുൻനിർത്തി ബൈബിൾ ഭാവനയെ അന്വേഷിക്കുകയാണ് ഈ പ്രബന്ധം.

**താക്കോൽവാക്കുകൾ:** ബൈബിൾഭാവന. സാഹിത്യരൂപനിർമ്മിതി, ബൈബിൾപ്രമേയം, മതേതരസാഹിത്യം, മതാത്മകസാഹിത്യരൂപം.

## ബൈബിളും മലയാളസാഹിത്യവും

മലയാളസാഹിത്യത്തിൽ ബൈബിളിന്റെ സ്വാധീനം കാണുന്നത് ക്രിസ്ത്യൻ നാടോടി ഗാനങ്ങളിലാണ്. വാമൊഴിയായി പകർന്നുകിട്ടിയ ഇത്തരം ഗാനങ്ങളുടെ കർത്താവ് ആരാണെന്ന് കൃത്യമായ തെളിവുകൾ ഇല്ല. മാർഗംകളിപ്പാട്ട്, റമ്പാൻപാട്ട്, വട്ടക്കളിപാട്ട്, മംഗല്യ ഗീത, മാർത്തോമൻ പാട്ട് എന്നിവയിലെല്ലാം ബൈബിൾ ദർശനങ്ങൾ കണ്ടെത്താൻ കഴിയും. ബൈബിൾ മലയാളഭാഷയിലേക്ക് പരിഭാഷപ്പെടുത്തുന്നതിനു മുൻപ് വാമൊഴിയായി പള്ളികളിൽനിന്നും പള്ളിക്കൂടങ്ങളിൽനിന്നും പകർന്നുകിട്ടുന്ന കേട്ടറിവിന്റെ വെളിച്ചത്തിലായിരിക്കണം ഇത്തരം പാട്ടുകളിൽ ബൈബിൾസ്വാധീനം കടന്നുവരുന്നത്. തുടക്കത്തിൽ ബൈബിളിനെ മുൻനിർത്തി സാഹിത്യസപര്യയിൽ ഏർപ്പെട്ടവർ മിഷനറിമാരായിരുന്നു. പിന്നീട് സ്വദേശികളായ വൈദികരും സാഹിത്യകൃതികളുടെ രചനയിൽ ഏർപ്പെട്ടു. ക്രൈസ്തവ സാഹിത്യം എന്നൊരു സാഹിത്യസരണി മലയാളത്തിൽ രൂപംകൊള്ളാൻ ഇത് അവസരമൊരുക്കി.

പ്രതിഭാധനരായ ഒട്ടേറെ ക്രൈസ്തവർ ബൈബിളിനെയും അതിലെ ആശയങ്ങളെയും വചനങ്ങളെയും ഇതിവൃത്ത കഥാപാത്രങ്ങളെയും മുൻനിർത്തി ആവിഷ്കരണങ്ങൾ നടത്തി. വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ 'ആത്മാനുതാപം', 'അനസ്താസ്യയുടെ രക്തസാക്ഷ്യം', 'ധ്യാനസല്ലാപങ്ങൾ', 'ഇടയനാടകങ്ങൾ' എന്നിവയും തകിടിയേൽ മാത്തൻ ഇട്ടിയവിരയുടെ 'വിസ്മയ സ്വയംവരം', 'ഉദയകീർത്തനം' എന്നിവയും കണ്ടത്തിൽ വർഗീസ് മാപ്പിളയുടെ 'എബ്രായകുട്ടി', 'കീർത്തനമാല' എന്നിവയ്ക്കൊപ്പം ബൈബിളിലെ കാവ്യാത്മക സന്ദർഭങ്ങളെ മുൻനിർത്തി മഹാകാവ്യങ്ങളും രചിക്കപ്പെട്ടു. കട്ടക്കയം ചെറിയാൻ മാപ്പിളയുടെ 'ശ്രീയേശുവിജയം' (1926) എന്ന മഹാകാവ്യ രചനയോടെ അപ്രാപ്യമെന്നു കരുതിപ്പോന്നിരുന്ന ഒരു വിഷയത്തെ കാവ്യാത്മക രൂപത്തിലാക്കാം എന്ന് തിരിച്ചറിഞ്ഞു. ഈ കൃതി ബൈബിൾ മഹാകാവ്യപ്രസ്ഥാനത്തിന്റെ അഗ്രിമസ്ഥാനത്തെയാണ് അലങ്കരിക്കുന്നത്.

ഉല്പത്തിപുസ്തകത്തിന്റെ കാവ്യാവിഷ്കാരമാണ് കെ.വി സൈമന്റെ 'വേദവിഹാരം'. 1931ൽ പുറത്തിറങ്ങിയ വേദവിഹാരത്തിൽ രണ്ടായിരത്തിൽപരം ഈരടികൾ ഉണ്ട്. പ്രപഞ്ചത്തിന്റെ ഉല്പത്തിമുതൽ യേശുവിന്റെ മരണത്തിൽ കാവ്യം അവസാനിക്കുന്നു. ഏദൻതോട്ടത്തിലെ ആദം ഹവ്വമാരുടെ ജീവിതം, പാപം, പറുദീസാനഷ്ടം, തുടർന്നുണ്ടാകുന്ന വൈകാരിക അവസ്ഥകൾ എന്നിവയെ കാവ്യത്തിൽ പ്രതിപാദിക്കുന്നുണ്ട്. പി.എം ദേവസ്യയുടെ 'ഇസ്രായേൽവംശം' (1952), 'മഹാപ്രസ്ഥാനം'(1966), 'രാജാക്കന്മാർ' (1982) എന്നീ മഹാകാവ്യങ്ങൾക്ക് ആധാരമായത് ബൈബിൾ പഴയനിയമമാണ്. ദൈവജനമായ ഇസ്രായേലിന്റെ അധിപനായ അബ്രഹാമിൽ തുടങ്ങി യൗസേഫിൽ അവസാനിക്കുന്ന വംശപരമ്പരയുടെ ജീവിതകഥയാണ് ഇസ്രായേൽ വംശം. സന്മാർഗ്ഗോപദേശത്തിന് സമുചിതമായ ഒരു കഥയെ തിരഞ്ഞെടുക്കുന്നതിനും മറ്റുള്ളവർക്ക് നേർവഴി കാണിച്ചുകൊടുക്കുന്നതിനും കഴിയത്തക്കവിധം ബഹുമുഖങ്ങളായ ധർമ്മമർമ്മങ്ങളെ കാവ്യശൈലിയോട് ചേർത്ത് നിബന്ധിക്കുന്നതിലും ഗ്രന്ഥകർത്താക്കൾ നല്ല വിജയം നേടി. അതിന്റെ ഉത്കർഷം ഈ കാവ്യത്തിൽ ഏതുഭാഗത്തിലും കാണാൻകഴിയും.

ഫറവോന്റെ അടിമത്തത്തിൽനിന്നും സ്വതന്ത്രരായി ഇസ്രായേൽ മോശയുടെ നേതൃത്വത്തിൽ കാനാനിലേക്ക് ചെയ്ത യാത്രയാണ് 'മഹാപ്രസ്ഥാനം'. 1965ൽ പുത്തൻകാവ് മാത്തൻ തരകന്റെ 'വിശ്വദീപം' എന്ന കൃതി രൂപംകൊണ്ടു. ഇതിൽ പഴയനിയമത്തിൽനിന്നും പുതിയ


ISSN: 2582 - 2594

നിയമത്തിൽനിന്നും സ്വീകരിച്ചിട്ടുണ്ട്. രാമായണകർത്താവായ എഴുത്തച്ഛന്റെ രീതിയെ ഈ കൃതി പിൻപറ്റുന്നു. രാമായണത്തെ എഴുത്തച്ഛൻ കാണ്ഡങ്ങളായി വിവരിച്ചിരിക്കുന്നതുപോലെ വിശ്വദീപത്തെ ഉദയകാണ്ഡം, ബാലകാണ്ഡം, യോഗകാണ്ഡം, കർമ്മകാണ്ഡം, ത്യാഗകാണ്ഡം എന്നിങ്ങനെ അഞ്ചുകാണ്ഡങ്ങളായി തിരിച്ചിരിക്കുന്നു. കാവ്യം 7000ത്തിൽപരം ഈരടികൾ ഉൾക്കൊള്ളുന്നു. ഉദയകാണ്ഡം പഴയനിയമസൃഷ്ടി മുതൽ ക്രിസ്തുവിന്റെ ജനനം വരെയുള്ള കഥയാണ്. തുടർന്നുള്ള കാണ്ഡങ്ങൾ ക്രിസ്തുവിന്റെ ബാല്യം മുതൽ മരണം വരെയുള്ള സംഭവങ്ങളെ പ്രതിപാദിക്കുന്നു. കേരള ക്രൈസ്തവസമുദായത്തിന് ലഭിച്ച ഈ കാവ്യത്തെ ക്രൈസ്തവരുടെ ആദ്യകാവ്യം എന്നോ ക്രൈസ്തവരാമായണം എന്നോ വിളിക്കാം.

ഫാ. സെബാസ്റ്റ്യൻ തേർമഠത്തിന്റെ 'മേരിവിജയം', കെ. എം. വർഗീസിന്റെ 'ക്രിസ്തു ദേവചരിതം', പി.സി. മത്തായിയുടെ 'ദിവ്യചരിതം', ടി. വി. മാത്യുവിന്റെ 'ദിവ്യഗീതം', മാത്യു ഉലകം തറയുടെ 'ക്രിസ്തുഗാഥാ', സിസ്റ്റർ മേരി ബനീഞ്ഞയുടെ 'മാർത്തോമാ വിജയം', പി. സി. ദേവസ്യയുടെ 'ക്രിസ്തുഭാഗവതം' എന്നിവ മലയാളസാഹിത്യത്തിൽ ബൈബിളിനെ മുൻനിർത്തി രചിച്ചവയാണ്. തൊമ്മൻ പൈകടയുടെ 'ക്രിസ്തുവിന്റെ ജെറുസലേം പ്രവേശനം'(1950), ജോസഫ് കാതനല്ലൂരിന്റെ 'ക്രൂശിലെ യേശു' (19570, ഡാനിയൽ പി. ഒയുടെ 'നസ്രായ ശിശു' (1971), ചാലിൽ ജോക്കബിന്റെ 'കാൽവരിയിലെ കരിനിഴൽ' (1984) എന്നിവ ക്രിസ്തുവിന്റെ ജീവിതത്തിലെ ഉദാത്ത മുഹൂർത്തങ്ങളെ പ്രമേയവത്കരിക്കുന്നു. വെണ്ണിക്കുളം ഗോപാലക്കുറുപ്പി ന്റെ 'രോഗിണി' (1930) എന്ന കവിത 'നിന്റെ വിശ്വാസം നിന്നെ രക്ഷിക്കട്ടെ' എന്ന ബൈബിൾ വചനം അടിസ്ഥാനമാക്കി രചിച്ചിരിക്കുന്നു. 7 സംവത്സരം രോഗിണിയായിരുന്ന ഒരു സ്ത്രീ ക്രിസ്തുവിന്റെ വസ്ത്രാഞ്ചലം സ്പർശിച്ച് രോഗവിമുക്തയാകുന്നതാണ് രോഗിണി എന്ന കവിതയുടെ പ്രമേയം. തുടർന്നു വന്നവയാണ് വള്ളത്തോളിന്റെ 'മഗ്ദലനമറിയം', പൊൻകുന്നം ദാമോദര ന്റെ 'മഗ്ദലനമറിയം', സി. എ. ജോസഫിന്റെ 'ഉദയത്തിലേക്ക്'', ജോസഫ് മാൻവട്ടത്തിന്റെ 'കല്ലെറിയേണ്ടവൾ' എന്നീ ഖണ്ഡകാവ്യങ്ങൾ.

ബൈബിളിനെ പിൻപറ്റി ചെറുകവിതകളും മലയാളത്തിൽ രചിക്കപ്പെട്ടിട്ടുണ്ട്. ചങ്ങമ്പുഴയുടെ 'ദിവ്യഗീതം', ജെ.വെണ്ണിയൂരിന്റെ 'പാട്ടുകളുടെ പാട്ട്'', പുത്തൻകാവ് മാത്തൻ തരകന്റെ 'ശൂലോം കുമാരി' എന്നിവ പഴയനിയമത്തിലെ ഉത്തമഗീതങ്ങളുടെ ഭാഷാപുനഃസൃഷ്ടിയാണ്. പിൽക്കാലഘട്ടത്തിലേക്ക് എത്തുമ്പോൾ ജി ശങ്കരക്കുറുപ്പ്, വയലാർ, ഒ.എൻ.വി., സുഗതകുമാരി, ചെമ്മനം ചാക്കോ, അയ്യപ്പപ്പണിക്കർ, സച്ചിദാനന്ദൻ തുടങ്ങിയവർ ബൈബിളിലെ സന്ദർഭങ്ങൾ തങ്ങളുടെ കവിതകളിൽ ബിംബവത്കരിക്കുകയും ആഖ്യാനവൽക്കരിക്കുകയും ചെയ്തിട്ടുണ്ട്.

നാടകത്തിൽ കട്ടക്കയം ചെറിയാൻ മാപ്പിള, കണ്ടത്തിൽ വർഗീസ് മാപ്പിള, കൈനകരി പത്മനാഭപിള്ള (കാൽവരിയിലെ കല്പപാദപം), സി.ജെ. തോമസ് (ആ മനുഷ്യൻ നീ തന്നെ), എബ്രഹാം ജോസഫ് (പീലാത്തോസ് ), സി ആർ കൃഷ്ണപിള്ള (മഗ്ദലനമറിയം), മുട്ടത്തുവർക്കി (വലിയ മുക്കുവൻ) എന്നിവർ ബൈബിളിനെ താങ്ങളുടെ ആവിഷ്കാരത്തിനായി അടിസ്ഥാനമാക്കിയവരാണ്.

ചെറുകഥാസാഹിത്യത്തിൽ പൊൻകുന്നം വർക്കി മുതൽ ഇ എം കോവൂർ, പോഞ്ഞിക്കര റാഫി, ഉറൂബ്, എം.ടി, എൻ.പി മുഹമ്മദ് തുടങ്ങിയവരും ആധുനികവാദികളായ കാക്കനാടൻ, ജോൺ എബ്രഹാം, എൻ. എസ് മാധവൻ, കൊച്ചുബാവ, അയ്മനം ജോൺ, പി. സുരേന്ദ്രൻ,

സി. വി ബാലകൃഷ്ണൻ, സക്കറിയ, ജോർജ് ജോസഫ് എന്നിവരുടെ കൃതികളിലും ബൈബിൾ സ്വാധീനം കണ്ടെത്താൻ കഴിയും. അത് ഇതിവൃത്തമോ കഥാപാത്രമോ ആയി ആഖ്യാനത്തിൽ ഇഴചേർന്നനിൽക്കുന്നു.

**ബൈബിളും നോവലും**

ബൈബിൾ പ്രമേയവൽക്കരണത്തിൽ നോവലിലേക്ക് എത്തുമ്പോൾ എഴുത്തുകാർ രണ്ടു മാർഗ്ഗങ്ങളാണ് സ്വീകരിക്കുന്നത്. ഒന്ന് ബൈബിളിലെ അടിസ്ഥാന തത്വങ്ങൾക്കും ആശയങ്ങൾക്കും വിശ്വാസങ്ങൾക്കും ഭംഗം സംഭവിക്കാതെ ആഖ്യാനതന്ത്രത്തിലൂടെ ആസ്വാദകരെ തൃപ്തിപ്പെടുത്തുക. ഇത് വിഷയത്തിൽ കാര്യമായ ഇടപെടലുകൾ നടത്താതെ പ്രതിപാദന രീതിയിൽ പുലർത്തുന്ന വ്യത്യസ്തസമീപനങ്ങൾകൊണ്ട് വ്യതിരിക്തമായി നിലകൊള്ളുന്നു. രണ്ടാമത്തേത് ബൈബിൾ ഇതിവൃത്തം സ്വീകരിച്ച് സ്വതന്ത്രമായ മറ്റൊരു കൃതിയെ രൂപപ്പെടുത്തുക. ഇവിടെ എഴുത്തുകാരൻ ചില സന്ദർഭങ്ങളെയോ കഥാപാത്രങ്ങളെയോ മാത്രം തെരഞ്ഞെടുത്തു തന്റെ ഭാവനയ്ക്കനുസരിച്ച് സന്ദർഭങ്ങളെയും ആശയങ്ങളെയും ചേർത്ത് ആഖ്യാനം നിർവഹിക്കുന്നു. മഗ്ദലനമറിയത്തിന്റെ മോചനം, ക്രിസ്തുവിന്റെ അത്ഭുതപ്രവർത്തി, സ്നാപക യോഹന്നാന്റെ ദുരന്തജീവിതം എന്നിവ നോവലുകൾ പുനരാഖ്യാനം ചെയ്തിട്ടുള്ളവയാണ്. എസ്തേറിന്റെ കഥയെ ഉപജീവിച്ച് 'എസ്തേർ എന്ന യഹൂദസുന്ദരി' എന്ന പേരിൽ സ്വാമി ബ്രഹ്മവ്രതനും, 'ചോരയും ചെങ്കോലും' എന്ന പേരിൽ ബാബു ചെങ്ങന്നൂരും, 'ധീരവനിത' എന്ന പേരിൽ വി.ടി.ഡേവിഡും 'ബൈബിൾ റാണി' എന്ന പേരിൽ കാനം.ഇ.ജെയും നോവലുകൾ രചിച്ചിട്ടുണ്ട്. റൂത്തിന്റെ കഥയെ വിഷയമാക്കി മലയാളത്തിൽ 'ഒലിവ് പൂക്കും താഴ്വരയും' കെ.എം. തരകന്റെ 'ഓർമ്മകളുടെ രാത്രി' എന്നീ നോവലുകൾ രചിച്ചിട്ടുണ്ട്. ബൈബിളിലെ സലോമിയുടെ കഥയാണ് കാനം ഇ. ജെയുടെ 'വാളും കുരിശും', മുട്ടത്തുവർക്കിയുടെ 'സലോമി' എന്നീ നോവലുകൾക്ക് ആധാരം. പോഞ്ഞിക്കര റാഫിയുടെ 'കാനായിലെ കല്യാണം' ക്രിസ്തുവിന്റെ അത്ഭുതപ്രവർത്തി ഇതിവൃത്തമാക്കുന്ന നോവലാണ്. മറിയം ക്രിസ്തുവിന്റെ പ്രബോധനങ്ങൾ ഉൾക്കൊണ്ട് പശ്ചാത്തപിച്ച് പാപവിമോചനം നേടി ക്രിസ്തുമാർഗം പിന്തുടരുന്നതാണ് ബൈബിൾ പുതിയ നിയമത്തിലെ മഗ്ദലനമറിയത്തിന്റെ കഥ. ടി.വി. വർക്കി മറിയത്തിന്റെ കഥയ്ക്ക് മനഃശാസ്ത്രപരമായ സമീപനത്തിലൂടെ 'കഴുകിത്തുടച്ച കാൽപാദങ്ങളിൽ' എന്ന നോവൽ രചിച്ചു. ഇവകൂടാതെ വൈക്കം ചന്ദ്രശേഖരൻ നായരുടെ 'കയീന്റെ വംശം', തകഴിയുടെ 'വ്യാകുലമാതാവ്', ടി.ആർ. ശങ്കുണ്ണിയുടെ 'ദേവയാഗം' എന്നിവ ബൈബിൾ ഇതിവൃത്തം പിൻപറ്റിയ സ്വതന്ത്രനോവലുകളാണ്. സക്കറിയ, പെരുമ്പടവം ശ്രീധരൻ, സി.വി. ബാലകൃഷ്ണൻ, ബെന്യാമിൻ എന്നിവരുടെ നോവലുകളിലും ബൈബിൾ ഇതിവൃത്തങ്ങളെയും പ്രമേയങ്ങളെയും ഉപജീവിക്കുന്നതു കാണാം.

**ആയുസ്സിന്റെ പുസ്തകം എന്ന നോവലിലെ ബൈബിൾഭാവനകൾ**

**നോവൽസംഗ്രഹം**

വടക്കൻ കേരളത്തിലെ കുടിയേറ്റത്തിന്റെ പശ്ചാത്തലത്തിൽ ചുരുൾനിവരുന്ന കഥാന്തരീക്ഷമാണ് 'ആയുസ്സിന്റെ പുസ്തകം' എന്ന നോവൽ. മധ്യതിരുവിതാംകൂറിൽനിന്നും മലബാറിന്റെ


ISSN: 2582 - 2594

മലമടക്കുകളിലേക്ക് കുടിയേറിയവരുടെ ഒരു ഗ്രാമത്തെ പശ്ചാത്തലമാക്കിയാണ് നോവൽ രചിച്ചിരിക്കുന്നത്. ബൈബിളിനെ ആദ്യവസാനം അടിസ്ഥാനമാക്കുന്നു, പിന്തുടരുന്നുവെന്ന താണ് ഈ നോവലിന്റെ പ്രത്യേകത. കുടിയേറ്റക്കാർ അനുഭവിക്കേണ്ടിവരുന്ന ദുരിതങ്ങളുടെ കഥയ്ക്കൊപ്പം ജീവിതത്തിന്റെ തേടലുകളുടെ പല മുഖങ്ങളെയും കണ്ടെത്താൻ കഴിയും. കാരണ മില്ലാത്ത വേദനകളും ദുഃഖങ്ങളും അതിനെ തുടർന്നുള്ള അന്വേഷണങ്ങളുമാണ് കഥാതന്തു. യോഹന്നാന്റെയും തോമയുടെയും ജീവിതത്തിലൂടെ കയറിയിറങ്ങിപ്പോകുന്ന അനുഭവങ്ങളുടെ പച്ചയായ ആവിഷ്കാരം ഈ നോവലിനെ വ്യതിരിക്തമാക്കുന്നു.

**ബൈബിൾഭാവനകൾ ആയുസ്സിന്റെപുസ്തകത്തിൽ**

മധ്യതിരുവിതാംകൂറിൽനിന്നും കുടിയേറിയ ക്രിസ്ത്യൻ സമൂഹത്തെ ആസ്പദമാക്കിയ നോവ ലിന്റെ ആഖ്യാനത്തിൽ സാന്ദർഭികമായി പല ബൈബിൾ വചനങ്ങളും കടന്നുവരുന്നു. കൂടാതെ സ്വവർഗ്ഗപ്രണയം, പ്രണയം, ഭക്തി, രതി ഇവയെയെല്ലാം കൂടിക്കലർന്ന അന്തരീക്ഷത്തിൽ മനുഷ്യജീവിതത്തിന്റെ നൈമിഷികതയെ നിരന്തരം ഓർമിപ്പിക്കുന്നു. 'മനുഷ്യ നീ മണ്ണാകു ന്നു, മണ്ണിലേക്ക് തന്നെ മടങ്ങുന്നു' എന്ന വചനം നോവലിൽ പലവട്ടം കടന്നുവരുന്നുണ്ട്. പാപ-പുണ്യങ്ങളെക്കുറിച്ചുള്ള ഒരു വിചിന്തനത്തിലൂടെ കടന്നുപോകുന്നവരാണ് നോവലിലെ കഥാപാത്രങ്ങൾ. ഒരു ദുർബലനിമിഷത്തിൽ തന്റെ കൊച്ചുമകളാകാൻപോലും പ്രായമില്ലാത്ത ബാലികയോട് ബലാൽക്കാരത്തിന് മുതിരുകയും ആ പാപഭാരത്താൽ ആത്മഹത്യചെയ്യുകയും ചെയ്യുന്ന പൗലോയിൽ ആരംഭിച്ച് തന്റെ വിവാഹാഭ്യർത്ഥന നിരസിക്കുകയും തന്റെ മകനു മായി രതിയിലേർപ്പെടുകയുംചെയ്യുന്ന വിധവയായ സാറയെ കൊല്ലുകയും ചെയ്യുന്ന തോമയിൽ അവസാനിക്കുകയും ചെയ്യുന്ന നോവൽ ജീവിതമെന്ന നിരന്തരമായ യാത്ര മുക്തിയിലേക്കുള്ള വഴിയായും, അതേസമയം പാപത്തിലൂടെയുള്ള യാത്രയാണെന്നും തോന്നിപ്പോകും വിധത്തിലാ ണ് ആഖ്യാനം ചെയ്തിരിക്കുന്നത്. ജീവിതത്തിലെ ഒറ്റപ്പെടലും, അതിന്റെ കാഠിന്യവും ഒരു മനു ഷ്യനെ എത്രമാത്രം ഉൾവലിഞ്ഞുജീവിക്കാൻ പ്രേരിപ്പിക്കുന്നു എന്നതിന്റെ ഉദാഹരണമാണ് നോ വലിലെ യോഹന്നാൻ. ജീവിതശാന്തിതേടി അശാന്തിയിലൂടെ അലഞ്ഞുതിരിയുന്ന മനസ്സാണ് യോഹന്നാന്റേത്. പള്ളിയും ബൈബിളും ബൈബിൾ കഥാപാത്രങ്ങളും കുന്തിരിക്കത്തിന്റെ ഗന്ധവും ഈ നോവലിൽ നിറഞ്ഞുനിൽക്കുന്നു. പക്ഷേ, മനുഷ്യന്റെ ആസക്തികളിൽനിന്നും വൈകാരിക തള്ളിച്ചകളിൽനിന്നും അവനു മോചനമില്ല. ആത്മീയതയ്ക്കും വിശ്വാസത്തിനും മനുഷ്യന്റെ ആസക്തികളെ തടയാനാകുന്നില്ല. ഇവിടെ ബൈബിളും പുരോഹിതരും തികച്ചും നിസ്സഹായരാണ്.

കത്തിക്കുത്ത് കേസിൽ ജയിലിൽപോയ തോമ ഭാര്യയായ തെരേസയുടെ മരണം അറി യാതെ, അതിൽ പങ്കുകൊള്ളാൻ അനുവദിക്കാതെ നിയമാനുസൃതമായ തടവുകഴിഞ്ഞ് വരുന്നു. കുറ്റബോധംകൊണ്ട് ജീവിക്കുന്ന അയാൾ തന്റെ മക്കളെയും അപ്പനെയും മറന്ന് സെമിത്തേരി യിൽ അന്തിയുറങ്ങുന്നു. ഞായറാഴ്ച കുർബാനകഴിഞ്ഞ് വന്ന പൗലോയുടെ മനസ്സിൽ "നിങ്ങളുടെ എല്ലാ കാര്യങ്ങളും സ്നേഹത്തോടുകൂടിയായിരിക്കട്ടെ...... വിശുദ്ധചുംബനംകൊണ്ട് നിങ്ങൾ അന്യോന്യം വന്ദനം പറയുവിൻ" (സി.വി. ബാലകൃഷ്ണൻ: 2013:25) എന്ന ഉപദേശവാക്യം നിറഞ്ഞുനിൽക്കുന്നുണ്ട്. എന്നിട്ടും, പൗലോയുടെ പാത പാപത്തിലേക്ക് സഞ്ചരിക്കുന്നുണ്ട്.

ഒടുവിൽ റാഹേൽ എന്ന ചെറിയപെൺകുട്ടിയിൽ പൗലോയ്ക്കുണ്ടായ ഭ്രമം അയാളുടെ മരണത്തിലേക്ക് വഴിവെട്ടിത്തുറക്കുന്നതിന് അവസരമൊരുക്കുന്നു. തോമയുടെ മർദ്ദനമേറ്റ് അവശനിലയിലായ പൗലോ, കാരണം കൂടാതെ തല്ലി എന്ന ധാരണയിൽ ഫിലിപ്പോസ് ഇടവകക്കാരെ വിളിച്ചുകൂട്ടാൻ പറയുന്നുണ്ട്. "തന്റെ അപ്പനെ അടിക്കുന്നവൻ മരണശേഷം അനുഭവിക്കണം എന്നല്ലേ മോശയിൽനിന്നും കേട്ടത്" (സി.വി. ബാലകൃഷ്ണൻ:2013:28) എന്ന് ഫിലിപ്പോസ് പറയുന്നുണ്ട്. കഥാന്ത്യത്തിൽ തോമയെ യോഹന്നാനും മർദ്ദിച്ചവശനാക്കുന്നുണ്ട്. പൗലോയെ തോമ തല്ലുന്നതുകണ്ട് മനസ്സിനേറ്റ മുറിവിൽനിന്നാകണം തന്റെ അപ്പനെ തല്ലാനുള്ള ഊർജ്ജം യോഹന്നാൻ നേടിയത്. തോമയുടെ മനസ്സ് തുറക്കാൻ യാക്കോബ് ശ്രമിക്കുന്നുണ്ട്. തോമ മകനെന്നനിലയിൽ തെറ്റ് ചെയ്തുവെന്ന് സ്ഥാപിക്കുന്ന ഒരേസമയം പൗലോയെയും കുറ്റക്കാരനായി വിധിക്കുന്നുണ്ട്. പ്രശ്നസങ്കീർണ്ണമായ അവസ്ഥയെ കരുതലോടെതന്നെ കൈകാര്യം ചെയ്യണം എന്ന് അയാൾ തീരുമാനിച്ചു. "പാപം വാതിൽക്കൽ പതുങ്ങിനിൽക്കുന്നു, അത് നിന്നെ നോക്കിനിൽക്കുകയാണ് നീ അതിനെ നിയന്ത്രിച്ചേ പറ്റൂ". പാപം ചെയ്തവരെയും അവരുടെ പട്ടണങ്ങളെയും ദൈവം നശിപ്പിച്ച കഥകളും അറിയാം (സി.വി.ബാലകൃഷ്ണൻ:2013:32). തികഞ്ഞ വിശ്വാസിയുമായ ഒരുവൻ, ഉപദേശിയായ ഒരുവൻ എന്ന മട്ടിലാണ് യാക്കോബ് ഇത്രയും പറയുന്നത്. പാപം തീയായും പുകയായും ഗന്ധകമായും വീടിനുമുകളിൽ വീഴുമെന്ന ബോധ്യം ബൈബിൾ നൽകുന്നതാണ്. എന്നിട്ടും സ്വന്തം പാപം ബോധ്യപ്പെട്ട പൗലോസ് മരണത്തിലൂടെ മോചനം കണ്ടെത്തുന്നു. പാപത്തെക്കുറിച്ചുള്ള വിചാരം അയാളെ അസ്വസ്ഥനാക്കിക്കൊണ്ടിരുന്നു. പാപബോധത്തെ നോവലിൽ നിരന്തരം പരാമർശിക്കുന്നുണ്ട്. പക്ഷേ, പൗലോയെ പാപബോധത്തിന്റെ ആഴങ്ങളിൽനിന്ന് ഉയർത്തിക്കൊണ്ടുവരുന്നത് മാലാഖയാണ്. അന്യന്റേതായ യാതൊന്നും ആഗ്രഹിക്കരുത് എന്ന ബോധ്യം ഉണ്ടെങ്കിലും കേവല മനുഷ്യൻ നിരന്തരം പ്രലോഭനങ്ങൾക്ക് വിധേയപ്പെടുന്നു. ഈ പ്രലോഭനങ്ങളാണ് ആനിയെയും മാത്യുവിനെയും മറിയേയും നൈനാൻ അച്ചനെയും സാറാമ്മയെയും എല്ലാം മുന്നോട്ടുനയിക്കുന്നത്. "കൃപാവരം നഷ്ടപ്പെട്ട ഭൂമിയിലെ എല്ലാ അഴുക്കുകളും അടിഞ്ഞൊഴുകുന്ന കുഴിയിൽ!," എത്ര- പക്ഷേ, രണ്ടുകൈകൾ അയാളെ പൊടുന്നനെ പിടിച്ചുയർത്തി. പട്ടുപോലെ മിനുസമുള്ള മുടി കവിളിൽ വന്നുരസി -ഒരു മാലാഖ (സി.വി. ബാലകൃഷ്ണൻ: 2013:40). ഓരോ മനുഷ്യനിലും കലാപകാരിയും മാലാഖയും വസിക്കുന്നു. അത് ജീവിതത്തിൽ ഇടപെടൽ നടത്തുന്നു. പാപംചെയ്യാത്ത മനുഷ്യരില്ല. പാപത്തിന്റെ ശമ്പളം മരണം. പൗലോ തന്റെ പാപത്തിന്റെ ശമ്പളം നേടിയെടുത്തു. "ഇരുണ്ട ശിഖരത്തിൽനിന്ന് ഒരു ഇലപോലെ ഞാന്നുകിടന്നപ്പോൾ അഗാധമായ ഉറക്കം അയാളുടെ മേൽ വീണു. അങ്ങനെ അയാൾ തന്നെ ജനത്തോട് ചേർന്നു" (സി.വി. ബാലകൃഷ്ണൻ: 2013:42). ഒരു ഇലകൊഴിയുന്ന ലാഘവത്തോടെ കൊഴിഞ്ഞുപോകുന്ന ജീവിതം പാപപങ്കിലമാക്കേണ്ടതുണ്ടോ? എന്ന ചോദ്യവും പൗലോ എന്ന കഥാപാത്രത്തിന്റെ മരണംകൊണ്ട് ഉന്നയിക്കുന്നുണ്ട്.

യോഹന്നാന്റെ സ്വപ്നങ്ങളിൽ പലപ്പോഴും ആത്മീയവെളിച്ചം തെളിയുന്നുണ്ട്. എന്നിട്ടും യോഹന്നാൻ നിരന്തരം പാപങ്ങൾചെയ്യുന്നു. ജീവിതത്തെക്കുറിച്ചുള്ള അവന്റെ അറിവുകൾ, ചിന്തകൾ, സ്വപ്നങ്ങൾ എല്ലാമെല്ലാം വിശ്വാസത്തിന്റെ വെള്ളിവെളിച്ചം പടർന്നതായിരുന്നു. എന്തെന്നാൽ നീ പൊടിയാകുന്നു പൊടിയിലേക്ക് പിന്തിരിയുകയും ചെയ്യും. ഇലകൾ കൂട്ടിത്തയ്ച്ച


ISSN: 2582 - 2594

ഉടുപ്പുകൾ, ആട്ടിൻപറ്റങ്ങൾ, ഒലിവ് കമ്പ്, ബലിപീഠങ്ങൾ, കൂടാരങ്ങൾ, മാമ്പ്ര താഴ്‌വര യിലെ കഴുതകൾ, ദാഹിച്ച ഒട്ടകങ്ങൾ, കാലിക്കൂട്ടം എന്നിങ്ങനെ ബൈബിൾ ഉൾക്കൊണ്ടു വായിച്ച ഒരുവന്റെ മനസ്സിൽ തെളിയുന്നതെല്ലാം യോഹന്നാൻ കാണുന്നുണ്ട്. "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. ഭൂമി പാഴും ശൂന്യമായുമിരുന്നു. ആഴത്തിനു മീതെ ഇരുൾ ഉണ്ടാ യിരുന്നു. ദൈവത്തിന്റെ ആത്മാവ് വെള്ളത്തിനുമീതെ പരിവർത്തിച്ചുകൊണ്ടിരുന്നു. വെളിച്ചം ഉണ്ടാകട്ടെ എന്ന് ദൈവം കൽപ്പിച്ചു, വെളിച്ചം ഉണ്ടായി. വെളിച്ചം നല്ലത് എന്ന് ദൈവം കണ്ടു. ദൈവം വെളിച്ചവും ഇരുളും തമ്മിൽ വേർതിരിച്ചു, ദൈവം വെളിച്ചത്തിനു പകൽ എന്നും ഇരുളിന് രാത്രി എന്നും പേരിട്ടു സന്ധ്യയായി ഉഷസുമായി"(സി.വി.ബാലകൃഷ്ണൻ:2013:46). ഭൂമിയിലെ ജീവിതകാലം എന്നത് വെറും നിഴൽ മാത്രമാണെന്ന കേവലതയെ നോവൽ ബൈ ബിളിന്റെ വെളിച്ചത്തിൽ സാധൂകരിക്കുന്നുണ്ട്. ഭൂമിയിലെ മറ്റെല്ലാത്തിനും ഒരു തുടർച്ചയുണ്ട്. വൃക്ഷം മുറിച്ചുപോയാലും തടി പിന്നെയും കിളിർത്തുവരുന്നു അതിന്റെ, വേരുകൾ ജലാംശം സ്പർശിക്കുമ്പോൾ ഉണരും, പിന്നീട് ചെറുതൈകൾ ഉണ്ടായിവരും. പക്ഷേ മനുഷ്യൻ മരിച്ച് മണ്ണടിയുമ്പോൾ അവൻ പിന്നീട് എന്തായി മാറുന്നു എന്ന് ആർക്കും അറിയില്ല. അവൻ മണ്ണി ലേക്ക് മടങ്ങുന്നു. ശേഷിക്കുന്നവർ ചില തത്വചിന്തകളിൽ ചാരി സ്വയം ആശ്വാസംകണ്ടെത്തുന്നു.

നൈനാനച്ചന്റെയും മേരിയുടെയും സംഗമവും പിന്നീട് നൈനാച്ചൻ മേരിയെ ചതിക്കുകയും ഫിലോമിനയെ വിവാഹംചെയ്യുകയും ചെയ്യുന്നുണ്ട്. അതിൽ അസ്വാഭാവികതയോ അതിശ യോക്തിയോ കലർന്നില്ല. കേവല മനുഷ്യൻ ആത്മീയതയുടെ ആഴങ്ങളിലേക്ക് ഇറങ്ങണമെ ങ്കിൽ അവനെ ചൂഴ്ന്നുനിൽക്കുന്ന ആസക്തിയുടെയും പ്രലോഭനത്തിന്റെയും കഠിനദൂരത്തെ മറി കടക്കണം. പാതിവഴിയിൽ തളർന്നുവീഴുന്ന വെറുമൊരു മനുഷ്യൻ മാത്രമാണ് നോവലിൽ നൈനാനച്ചൻ. "മൂന്നുമാസം മുമ്പ് ഞാൻ മഴ പിൻവലിച്ചു. ഞാനൊരു പട്ടണത്തിൽ മഴപെയ്യി ക്കുകയും വേറൊന്നിൽ വരാതിരിക്കുകയും ചെയ്തു. വയലിൽ മഴ പെയ്തു മഴവീഴാതിരുന്ന മറ്റേ വയൽ ഉണങ്ങിക്കരിഞ്ഞുപോയി" (സി.വി. ബാലകൃഷ്ണൻ:2013:62). ഇത്തരത്തിൽ കർത്താവി ന്റെ അരുളപ്പാടുകൾ സാന്ദർഭികമായി കടന്നുവരുന്നുണ്ട്. നോവലിൽ ബൈബിളും പള്ളിയും വികാരിയും കൃഷിയും മാത്രമുള്ള ലോകത്ത് ജീവിക്കുന്ന നിഷ്കളങ്കരായ ഒരുകൂട്ടം മനുഷ്യരുടെ ജീവിതങ്ങളാണ് അനാവൃതമാകുന്നത്.

"വിശുദ്ധശ്ലീഹാ പറഞ്ഞുവല്ലോ പുരുഷന്റെ തലമുടി നിൽക്കുന്നത് അവന് അപമാന മാകുന്നു എന്നും തലമുടി മൂടുപടത്തിനു പകരം അവൾക്ക് കൊടുക്കപ്പെട്ടിരിക്കുകയാണ്. അവളുടെ തലമുടി വളർത്തപ്പെടുമ്പോൾ അത് അവൾക്ക് മഹിമയാകുന്നു" (സി.വി. ബാലകൃഷ്ണൻ: 2013: 63). ഇത്തരത്തിൽ ഒരു ക്രൈസ്തവ സ്ത്രീ/പുരുഷസങ്കല്പത്തെ മുന്നോട്ടുവയ്ക്കുമ്പോൾ സമകാലിക സമൂഹം ഏറെ പ്രശ്നങ്ങൾ നേരിടുന്നുണ്ട്. വിശ്വാസങ്ങളെ ചോദ്യംചെയ്യുക എന്നത് ഭൗതിക ഉന്നമനം ആണെന്ന തെറ്റായ ധാരണയും ഇതിന് ബലംനൽകുന്നു. യോഹന്നാൻ ഒലിവില കണ്ടിട്ടില്ലെങ്കിലും അവന്റെ സങ്കൽപ്പങ്ങളിൽ ഒലിവില കടന്നുവരുന്നുണ്ട്. ദൂരെയേതോ താഴ്‌വര യിൽ വളർന്ന വലിയ മരത്തിന്റെ ഇല അത്രമേൽ അവനെ സ്വാധീനിക്കുന്നുവെങ്കിൽ അതി നടിസ്ഥാനം ബൈബിൾ പാരായണമാണ് എന്നുവേണം കരുതാൻ. യോഹന്നാന്റെയും ജോ ഷിയുടെയും സൗഹൃദങ്ങൾക്കിടയിൽ പലപ്പോഴും കടന്നുവരുന്ന ആത്മീയ ഊർജത്തിൽ പ്രാർ ത്ഥനയുടെ കാറ്റും വെളിച്ചംതുടിക്കുന്ന അൾത്താരയും കാൽമുട്ടുകളിലെ മണലും പരാമർശി

ക്കപ്പെടുന്നു. ആനി കൊച്ചച്ചനായ മാത്യുവിന് ക്രിസ്തുവിന്റെ പ്രതിച്ഛായയാണ് നൽകുന്നത്. പക്ഷേ, സാഹചര്യങ്ങളുടെ സമ്മർദ്ദം ആകാം, മാത്യുവിന് ഉടുപ്പഴിച്ചുവെച്ച് ആനിയെ ജീവിത പങ്കാളിയാക്കേണ്ടിവരുന്നുണ്ട്. സഭയുടെ മുമ്പിൽ അവർ തെറ്റുകാരനാണ്. പക്ഷേ മനസ്സാക്ഷിയുടെ, മോഹത്തിന്റെ മുൻപിൽ അവർ അവരെ ന്യായീകരിക്കും. അതാണ് ലോകസ്വഭാവം. "സ്ത്രീ പ്രസവിച്ച മനുഷ്യൻ അല്പായുസ്സുള്ളവനും കഷ്ടസമ്പൂർണ്ണനും ആകുന്നു. അവൻ പൂപോലെ വിടർന്നു പൊഴിഞ്ഞുപോകുന്നു" (സി.വി. ബാലകൃഷ്ണൻ:2013:81) എന്ന ദർശനം മനുഷ്യന്റെ കേവലതയെ പിന്നെയും ഉറപ്പിക്കുകയാണ്. വിപരീതഗുണത്തിൽപ്പെട്ട ഒരാളുടെ പങ്കാളിത്തം ഇല്ലെങ്കിൽ പ്രകൃത്യാ അപൂർണ്ണനായിത്തീരുന്ന സാധാരണ മനുഷ്യന്റെ അടിസ്ഥാനപരമായ ആവശ്യത്തിനെതിരാണ് വിവാഹനിരോധനം എന്ന സെലിബസി. ഇതിനെക്കുറിച്ച് പത്രവാർത്തയിൽ പുരോഹിതൻ പ്രകടിപ്പിച്ച അഭിപ്രായത്തെ മാത്യു അച്ചനുമായി ചർച്ചചെയ്യുന്നുണ്ട്. ഒരു വലിയ മന്ദിരത്തിൽ വൃദ്ധരും ചെറുപ്പക്കാരുമായ ഒട്ടനവധി പുരോഹിതന്മാരുമൊത്ത് കഴിയുകയാണ് താൻ. വളരെ അപൂർവ്വമായേ താങ്കൾ അന്യോന്യം സംസാരിക്കാറുള്ളൂ. ഉള്ള് തുറന്ന് സംസാരിക്കാൻ ഒരാൾ ഉണ്ടായെങ്കിൽ എന്ന് എപ്പോഴും വെറുതെ ആലോചിച്ചു പോകും എന്ന മാത്യുവിന്റെ അഭിപ്രായത്തെ അച്ചൻ ശരിവയ്ക്കുന്നുണ്ട്. അതേസമയം പുരോഹിതരെ സംബന്ധിച്ച് വിവാഹം അതിനൊരു പരിഹാരമല്ലെന്നും അദ്ദേഹം ഉറപ്പിച്ചുപറയുന്നുണ്ട്. സെലിബസിയെക്കുറിച്ചുള്ള പോപ്പിന്റെ ലേഖനത്തെക്കുറിച്ച് അച്ചൻ തുടർന്നുപറയുന്നു. തുടർന്ന് മത്തായിയുടെ സുവിശേഷത്തിൽ പറയുന്ന ഭാഗം അദ്ദേഹം ഉദ്ധരിച്ചു: "അമ്മയുടെ ഗർഭത്തിൽനിന്നും ഷണ്ഡന്മാരായി ജനിച്ചവർ ഉണ്ട്. മനുഷ്യർ ഷണ്ഡരാക്കിയ ഷണ്ഡന്മാരും ഉണ്ട്. സ്വർഗ്ഗരാജ്യം നിമിത്തം തങ്ങളെ തന്നെ ഷണ്ഡന്മാരാക്കിയ ഷണ്ഡന്മാരും ഉണ്ട്" (സി.വി. ബാലകൃഷ്ണൻ :2013: 97). പുരോഹിതന്മാരുടെ വിവാഹത്തെ അനുകൂലിച്ച് അഭിപ്രായം പറഞ്ഞുകൊണ്ടിരുന്ന മാത്യുവിനെ അച്ചൻ തിരുത്തുന്നുണ്ട്. പുരോഹിതനായ ഭർത്താവും അദ്ദേഹത്തിന്റെ ഭാര്യയും നിത്യേനെ വഴക്കടിക്കുന്ന സ്ഥിതിവിശേഷം നിലനിൽക്കുന്നിടത്ത് ജീവിതപ്രശ്നങ്ങളിൽപ്പെട്ടുഴലുന്ന സാധാരണ ജനം പരിഹാരാർത്ഥം പുരോഹിതരെ എങ്ങനെ സമീപിക്കും? അതുകൊണ്ട് പുരോഹിതർ ദൈവത്തിന്റെ പ്രതിപുരുഷന്മാർ മാത്രമായി നിലനിൽക്കുക എന്നതിന് ഊന്നൽ കൊടുക്കുന്നു.

ജോഷി കർത്താവിന്റെ പാത പിന്തുടരുമ്പോൾ യോഹന്നാൻ വീണ്ടും വീണ്ടും ഒറ്റപ്പെടൽ അനുഭവിക്കുന്നു. അപ്പോഴും അവന്റെ മനസ്സിൽ തെളിയുന്ന വചനം 'ഞാൻ ആഗ്രഹിക്കും പോലെ അല്ല, നീ ആഗ്രഹിക്കും പോലെ' എന്നാണ്. ദൈവത്തിന്റെ പദ്ധതികളെ മനസ്സാ വരിക്കുക. അതിനൊത്ത് പ്രവർത്തിക്കുക. നീ നിന്നോട് പാപംചെയ്യരുത്. നിന്റെ ജാതിയിൽപ്പെട്ടവന്റെ കൂടെ ശയിക്കരുത്, മൃഗങ്ങളോടൊത്ത് ശയിക്കരുത്, കൊലചെയ്യരുത്, വ്യഭിചാരം ചെയ്യരുത്, മോഷ്ടിക്കരുത്, കൂട്ടുകാരന്റെ നേരെ കള്ളസാക്ഷ്യം പറയരുത്, കൂട്ടുകാരന്റെ ഭവനത്തെ മോഹിക്കരുത്, കൂട്ടുകാരന്റെ ഭാര്യയെയും അവന്റെ ദാസനെയും ദാസിയെയും കാളകളെയും കഴുതയെയും, കൂട്ടുകാരനുള്ള ഒന്നിനെയും നീ മോഹിക്കരുത്. നീ വിധവയെ ക്ലേശിപ്പിക്കരുത് .... എന്നിങ്ങനെ അച്ചൻ പാപത്തിനെക്കുറിച്ച് നിരന്തരം യോഹന്നാനോട് പറഞ്ഞുകൊണ്ടിരിക്കുന്നുണ്ട്. എന്നിട്ടും യോഹന്നാന്റെ വഴിയിൽ പാപത്തിന്റെ നിഴൽ നിരന്തരം വീഴുന്നുമുണ്ട്.

തോമ തന്റെ ജീവിതത്തിലേക്ക് സാറയെ പ്രതിഷ്ഠിക്കുന്നതോടെ മറ്റൊരുവനാകുന്നു.

 ISSN: 2582 - 2594

പക്ഷേ യോഹന്നാന്റെയും സാറയുടെയും സംഗമത്തെ അയാൾ നേരിൽകണ്ടതോടെ അതുവരെ അയാളിൽ മറന്നിരുന്ന ദുഷ്ടശക്തി പുറത്തുചാടുന്നു. അത് സാറയുടെ കൊലപാതകത്തിൽ കലാശിക്കുന്നു. പുരോഹിതനാകാൻ മനസ്സുകൊണ്ട് ഉറപ്പിച്ച ജോഷിയെ യോഹന്നാൻ ഓർക്കു മ്പോൾ എല്ലാം ഒരു പരിശുദ്ധിയുടെ ഗന്ധം വായനക്കാരിലേക്ക് പടരുന്നു. "അരിഞ്ഞ പുൽ പ്പുറത്ത് പെയ്യുന്ന മഴ പോലെയും ഭൂമിയെ നനയ്ക്കുന്ന വൻമഴ പോലെയും അവൻ ഇറങ്ങിവരട്ടെ, മനുഷ്യൻ അവന്റെ പേര് ചൊല്ലി അന്യോന്യം അനുഗ്രഹിക്കുന്ന കാലം വരട്ടെ, ഞാൻ അനി ഷ്ടനും ദരിദ്രനുമാണ്. ചാഞ്ഞുപോകുന്ന നിഴൽപോലെ ഞാൻ കടന്നുപോകുന്നു" (സി.വി. ബാല കൃഷ്ണൻ:2013:210). ഇത്തരത്തിൽ യോഹന്നാന്റെ മനോഗതങ്ങളിൽ ബൈബിൾ കടന്നുവരുന്നു. ആത്യന്തികമായി മനുഷ്യജന്മത്തിന്റെ കേവലതയെ വരച്ചുകാട്ടി നോവൽ അവസാനിക്കുമ്പോൾ "മനുഷ്യന്റെ ആയുസ്സ് പുല്ലുപോലെയാകുന്നു, വയലിലെ പൂപോലെ അവൻ പൂക്കുന്നു, കാറ്റ് അതിന്മേൽ അടിക്കുമ്പോൾ അത് ഇല്ലാതെപോകുന്നു അതിന്റെ സ്ഥാനം പിന്നെ അതിനെ അറിയുകയില്ല" (സി.വി. ബാലകൃഷ്ണൻ:2013:213). ഇത്തരം ജീവിതസത്യത്തെ വിളിച്ചുപറഞ്ഞു കൊണ്ടാണ് നോവൽ അവസാനിക്കുന്നത്.

### ഉപസംഹാരം

ക്രൈസ്തവപശ്ചാത്തലത്തിൽ രൂപപ്പെടുത്തിയ നോവൽ നിരവധി ബൈബിൾ വചനങ്ങ ളെയും ഉപദേശങ്ങളെയും കഥാപാത്രങ്ങളെയും ചിന്തകളെയും പ്രവൃത്തികളെയും അവതരിപ്പി ക്കുന്നുണ്ട്. പുല്ല്, പുഴ, പൂവ് എന്നിങ്ങനെയുള്ള ബിംബവത്കരണങ്ങളുടെ ജീവിതനൈമിഷി കതയുടെ തുറന്ന ചിത്രത്തെ അനാവരണം ചെയ്യുന്നു. സാധാരണ മനുഷ്യന്റെ ജീവിതത്തിലും വൈകാരികതകളിലും ചിന്തകളിലും പ്രവർത്തികളിലും ബൈബിൾ എത്രമാത്രം സ്വാധീനം ചെലുത്തുന്നു എന്നും സ്വയം തിരുത്തുന്നതിനും തിരുത്തപ്പെടലിനും അത് ഒരുക്കിത്തരുന്ന വഴികളും പാപത്തിൽനിന്നുള്ള മോചനത്തിന്റെ മാർഗ്ഗങ്ങളും സവിസ്തരം അവതരിപ്പിക്കുന്ന നോവൽ ഒരുകൂട്ടം നിഷ്കളങ്കരായ മനുഷ്യരുടെ ജീവിതവ്യാപാരങ്ങളെ പച്ചയായി ആവിഷ്കരിക്കു ന്നു. ജീവിതത്തിന്റെ നിസാരതയെ നിരന്തരം ഓർമ്മപ്പെടുത്തി കേവലം പൊടിയായ/ മണ്ണായ മനുഷ്യാ, നീ ഒടുവിൽ മണ്ണിലേക്ക് തന്നെ മടങ്ങുമ്പോൾ ഒരു വൃക്ഷത്തിന്റെ തുടർച്ചപോലും പ്രകൃതിയിൽ ലഭിക്കുന്നില്ല എന്ന നഗ്നസത്യത്തെയും നോവൽ തുറന്നുകാട്ടുന്നു.

### ഗ്രന്ഥസൂചി

ബാലകൃഷ്ണൻ സി.വി,2013, ആയുസ്സിന്റെ പുസ്തകം, ഡി.സി.ബുക്സ്, കോട്ടയം

ബെഞ്ചമിൻ ഡി, 2000, സ്വാധീനതാ പഠനങ്ങൾ, കറന്റ് ബുക്സ്, കോട്ടയം

ബാലകൃഷ്ണൻ നായർ പി, 1985, മഹാകാവ്യ പ്രസ്ഥാനം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ

ദേവസ്യ പ്രവിത്താനം, 1968, മഹാപ്രസ്ഥാനം, പി.എം. ദേവസ്യ ഷഷ്ടിപൂർത്തികമ്മിറ്റി, പ്രവിത്താനം

The Bible, Bible society of India, Bangalore